നെൽവിത്ത് കൃഷിചെയ്യുന്നതിനു സഹായം, ഉല്പാദനബോണസ്, പമ്പിംഗ് സബ്സിഡി, കർഷകർക്ക് നെല്ലിനു ന്യായവില ഉറപ്പാക്കാൻ നെല്ലുസംഭരണം എന്നീ പദ്ധതികളും കൃഷിവകുപ്പ് നടപ്പാക്കുന്നുണ്ട്. കേരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരവും നാളികേര ബോർഡിന്റെ സഹായത്തോടുകൂടിയും ടെക്നോളജി മിഷന്റെ ഭാഗമായും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

എ.ഡി.ബി. വായ്പ തുകയും വ്യവസ്ഥകളും

*16 [76] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

" സി. കെ. നാണു:

" എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും നാളിതുവരെ എത്ര തുക വായ്പയായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഗവൺമെന്റിന് അംഗീകരിക്കേണ്ടി വന്നിട്ടുള്ളത്;

(ഡി) ഇനി എത്ര തുകയാണ് ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(ഇ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) എ.ഡി.ബി.-യിൽ നിന്ന് നാളിതുവരെ അധിക കേന്ദ്ര സഹായമായി 601.30 കോടി രൂപ കേന്ദ്ര സർക്കാർ വഴി സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക സംസ്ഥാന വിഹിതത്തോടൊപ്പം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാന വൈദ്യുതി ബോർഡിന് 375 കോടി രൂപ നൽകിയിട്ടുണ്ട്. 300 കോടിയോളം രൂപ ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി 70 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 134 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടനയ്ക്കായി നൽകി. 111.27 കോടി രൂപ ഭരണ നവീകരണ പരിപാടികൾക്കു വേണ്ടി വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസ്ഥകൾ അനുബന്ധം (†) ആയി കൊടുത്തിരിക്കുന്നു.

(ഡി) എ.ഡി.ബി.-യിൽ നിന്ന് രണ്ടാം ഗഡുവായി 100 മില്യൻ ഡോളർ (ഏതാണ്ട് 450 കോടി രൂപ) കൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. ആദ്യ രണ്ടു വർഷങ്ങളിലെ ലക്ഷ്യം ഏകദേശം പൂർണ്ണമായി കൈവരിച്ചിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

*17 [77] ശ്രീ. എ. സി. മൊയ്തീൻ:

ഡോ. തോമസ് ഐസക്ക്:

ശ്രീ. സാജുപോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നത്;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(എഫ്) കഴിഞ്ഞ ആറ് മാസത്തിനു മുൻപ് നിത്യോപയോഗ സാധനങ്ങൾക്ക് ഓരോന്നിനും കി. ഗ്രാമിന് എന്തുവിലയായിരുന്നു; 2004 ജൂൺ 15-ന് നിത്യോപയോഗ സാധനങ്ങൾക്ക് ഓരോന്നിനും കി. ഗ്രാമിന് എന്ത് വിലയാണെന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly